42 (2344) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനം

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനംമൂലം എന്തൊക്കെ പുരോഗതി വിവരസാങ്കേതിക മേഖലയിൽ ഉണ്ടായിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാർ വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിൽ വിവരസാങ്കേതിക വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ എത്ര ശതമാനം തുക കമ്പ്യൂട്ടർവൽക്കരണത്തിനായി മാറ്റിവച്ചിട്ടുണ്ട്;

(ഡി) എത്ര ജീവനക്കാർക്ക് ഇതുവരെ കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്;

(ഇ) ഏതെങ്കിലും വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ;

(എഫ്) പുതുതായി നടത്തുന്ന നിയമനങ്ങൾ കമ്പ്യൂട്ടർ പരിജ്ഞാനം അടിസ്ഥാനയോഗ്യതയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) സംസ്ഥാന സർക്കാരിന്റെ ഐ.ടി. നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ ഫലപ്രദമായി ഏകോപിപ്പിച്ച് നടപ്പാക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി വകുപ്പാണ്. നയത്തിനനുസരിച്ച് എല്ലാ സർക്കാർ വകുപ്പുകളേയും ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിവിധ വകുപ്പികളിലെ ഉദ്യോഗസ്ഥർക്ക് (നോഡൽ ഓഫീസർക്ക്) വിശദമായ പരിശീലനം നൽകിക്കഴിഞ്ഞു. സമയബന്ധിതമായ രീതിയിൽ കമ്പ്യൂട്ടർവൽക്കരണം വിജയകരമായി നടപ്പിലാക്കാൻ 9 ഏജൻസികളെ (ടോട്ടൽ സൊലൂഷൻ പ്രൊവൈഡേഴ്സ്) സർക്കാർ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വിവരവിനിമയ ശൃംഖല നിലവിൽ വരുത്തുന്നതിന്റെ പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ടെക്നോപാർക്ക് കാമ്പസിൽ വിവര വിനിമയ സാങ്കേതിക വിദ്യയിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഓരോ സർക്കാർ വകുപ്പിന്റെയും ബഡ്ജറ്റ് വിഹിതത്തിന്റെ 3% വരെ തുക കമ്പ്യൂട്ടർവൽക്കരണത്തിനായി ചെലവഴിക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇല്ല.

(എഫ്) &(ജി)സർക്കാരിന്റെ ഐ.ടി. നയത്തിൽ ഇക്കാര്യം വിഭാവനം ചെയ്തിട്ടുണ്ട്. ഐ.ടി. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള കർമ്മ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികളെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly